"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണവകുപ്പ് - എറണാകുളം അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II - ശ്രീ. സുഭാഷ് പി ബി യുടെ പാലക്കാട് ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ അന്യത്രസേവനകാല വ്യവസ്ഥയിലുള്ള നിയമനം ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1336/2023/LSGD തീയതി,തിരുവനന്തപുരം, 28-06-2023

---

പരാമർശം:-

1. 10.03.2013ലെ 42/13/ഫിൻ നമ്പർ സർക്കുലർ
2. 06.07.2021 ലെ സ.ഉ.(സാധാ)നം.1240/2021/തസ്വഭവ
3. 25.05.2021 ലെ സ.ഉ.(സാധാ)നം.1040/2021/തസ്വഭവ
4. 01.07.2022ലെ സ ഉ (സാധാ)നം.1565/2022/എൽഎസ്ജിഡി നമ്പർ ഉത്തരവ്
5. അഡ്വക്കേറ്റ് ജനറലിന്റെ 20.02.2023ലെ എഡിഎ2/687/21 നമ്പർ സാക്ഷ്യപത്രം
6. പാലക്കാട് ജില്ലാപഞ്ചായത്ത് പ്രസിഡന്റിന്റെ 15.03.2023ലെ കത്ത്
7. പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 24.03.2023ലെ ഇ1-263/2021 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

എറണാകുളം അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II ആയ ശ്രീ. സുഭാഷ്. പി. ബി-യെ പരാമർശം(2) പ്രകാരം പാലക്കാട് ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ അന്യത്ര സേവനകാല വ്യവസ്ഥയിൽ നി യമിച്ച് ഉത്തരവായിരുന്നു. ടിയാളുടെ പ്രസ്തുത അന്യത്ര സേവനം പരാമർശം (3)ഉം(4)ഉം ഉത്തരവുകൾ പ്രകാരം ദീർഘിപ്പിച്ച് നൽകിയിരുന്നു. ശ്രീ. സുഭാഷ്. പി. ബി-യുടെ നിലവിലെ അന്യത്ര സേവന കാലാവധി 30.06.2023ന് അവസാനിക്കുന്നതിനാൽ ആയത് ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകണമെന്നുള്ള ടിയാളുടെ അപേക്ഷ പരാമർശം(7) പ്രകാരം പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി സർക്കാരിലേയ്ക്ക് ശുപാർശ ചെയ്ത് സമർപ്പിച്ചിരുന്നു. . ശ്രീ. സുഭാഷ് പി ബിയുടെ അന്യത്രസേവനകാല വ്യവസ്ഥയിലുള്ള നിയമനം ദീർഘിപ്പിച്ച് നൽകുന്നതിൽ വിയോജിപ്പ് ഇല്ലെന്ന് പരാമർശം (5) പ്രകാരം അഡ്വക്കേറ്റ് ജനറലും പരാമർശം (6) പ്രകാരം പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റും അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II ഉം, നിലവിൽ പാലക്കാട് ജില്ലാപഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനം അനുഷ്ഠിച്ച് വരുന്നതുമായ ശ്രീ.സുഭാഷ്.പി.ബി-യുടെ പാലക്കാട് ജില്ലാപഞ്ചായത്തിലെ അന്യത്ര സേവന കാലാവധി കെ.എസ്.ആർ ഭാഗം 1, ചട്ടം 140(സി), പരാമർശ സർക്കുലർ പ്രകാരവും ചുവടപ്പറയുന്ന മറ്റ് വ്യവസ്ഥകൾക്ക് വിധേയമായും 01.07.2023 മുതൽ ഒരു വർഷത്തേക്ക് / പ്രസ്തുത തസ്തികയിൽ സ്ഥിര നിയമനം നടത്തുന്നത് വരെ. ഏതാണോ ആദ്യം അതുവരെ. ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

1. അനുവദിക്കപ്പെട്ട അന്യത്ര സേവനത്തിന്റെ കാലാവധി അവസാനിക്കുന്നതിന് മുൻപ് കാലാവധി ദീർഘിപ്പിച്ച് ബന്ധപ്പെട്ട അധികാരികളുടെ അനുമതി ലഭിക്കാത്ത പക്ഷം അനുവദനീയമായ കാലയളവ് അവസാനിക്കുന്ന ദിവസം അന്യത്ര സേവനത്തിലുള്ള ഉദ്യോഗസ്ഥയെ വിടുതൽ ചെയ്യേണ്ടതാണ്.
2. അന്യത്ര സേവന കാലാവധി അവസാനിക്കുകയും മാതൃ വകുപ്പിലേക്ക് തിരിച്ച് പോകാതിരിക്കുകയും ചെയ്താൽ ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്.
3. അനുമതി ഇല്ലാതെ അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് പെൻഷനോ ഇൻക്രിമെന്റിനോ കണക്കാക്കുന്നതല്ല. കൂടാതെ ഇൻക്രിമെന്റ് സഞ്ചിത പ്രാബല്യത്തോടെ തടയപ്പെടുകയും അന്യത്ര സേവന കാലാവധി അവസാനിക്കുന്ന മുറയ്ക്ക് ഉദ്യോഗസ്ഥന്റെ ശമ്പളവും മറ്റ് അലവൻസുകളും കൈപ്പറ്റുന്നതിൽ നിന്നും വിലക്കേണ്ടതുമാണ്.
4. അനുമതി ഇല്ലാതെ അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് ക്രമീകരിക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽഡയറക്ടർ. എൽ.എസ്.ജി.ഡി. . തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറലിന്റെ സെക്രട്ടറി, അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയം. എറണാകുളം
പ്രസിഡന്റ്/സെക്രട്ടറി. പാലക്കാട് ജില്ലാ പഞ്ചായത്ത്. പാലക്കാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
ശ്രീ . സുഭാഷ് പി ബി, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II ( സെക്രട്ടറി, പാലക്കാട് ജില്ലാ പഞ്ചായത്ത് മുഖേന).
ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ. ഐ. കെ. എം.
കരുതൽ ഫയൽ ഓഫീസ് പകർപ്പ്.(ഇപിഎ1/52/2023/തസ്വഭവ നമ്പർ ഫയൽ).

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
സെക്ഷൻ ഓഫീസർ
Date: 30-06-2023 11:10:36